(സി) & (ഡി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

## കണ്ണൂരിലെ നിർദ്ദിഷ്ട വിമാനത്താവളം

20(758) ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ നിർദ്ദിഷ്ട വിമാനത്താവളത്തിന് കേന്ദ്ര ഗവൺമെന്റിന്റെയും സെൻട്രൽ എയർപോർട്ട് അതോറിറ്റിയുടേയും ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ;

(ബി) വിമാനത്താവളത്തിനുവേണ്ടി എത്ര സ്ഥലം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ സ്ഥലത്തിന്റെ അക്വിസിഷൻ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) സ്ഥലം ഏറ്റെടുത്തതുമൂലം എത്ര വീടുകൾ കൂടി ഒഴിപ്പിക്കേണ്ടി വന്നിട്ടുണ്ടെന്നും ഇവരെ പുനരധിവസിപ്പിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ വിമാനത്താവളത്തിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്ന് അന്നത്തെ വ്യോമയാനമന്ത്രി ശ്രീ. സി.എം. ഇബ്രാഹിം 1997 ഡിസംബറിൽ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) 516.9316 ഹെക്ടർ സ്ഥലം.

(സി) ഇതുവരെ 11.7359 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. അടുത്ത ഘട്ടത്തിൽ 43.9796 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി) ഇതുവരെ ആരെയും കൂടി ഒഴിപ്പിക്കേണ്ടി വന്നിട്ടില്ല.

## മന്ത്രിമാരുടെ ടെലഫോൺ ചാർജ്ജ്

21(759) ശ്രീമതി റോസമ്മ ചാക്കോ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരിൽ ഓരോരുത്തരും അവരവരുടെ ഓഫീസിലും വസതിയിലും ഓദ്യോഗിക വസതിയിലും ഗവൺമെന്റ് ചെലവിൽ വച്ചിട്ടുള്ള ടെലഫോണുകൾക്ക് ഇതുവരെ കാൾചാർജ്ജ്, റെന്റൽ എന്നീ ഇനങ്ങളിൽ എന്തു തുക വീതം ചെലവായിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(ബി) ഏതെങ്കിലും മന്ത്രിയുടെ ഓഫീസിലോ ഔദ്യോഗിക വസതിയിലോ ഏതെങ്കിലും വകുപ്പിന്റെയോ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ ഫോൺ സ്ഥാപിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ആരുടെയെല്ലാം വസതിയിലെന്നും ഏതെല്ലാം സ്ഥാപനങ്ങളുടേതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഫോണുകൾക്ക് ഇതുവരെ എന്തു തുക ബന്ധപ്പെട്ട മന്ത്രിമാരുടെ കാൾ ചാർജ്ജ്, റെന്റൽ എന്നി ഇനത്തിൽ ചെലവായിട്ടുണ്ട്;

(ഇ) ഏതെല്ലാം മന്ത്രിമാരുടെ ഓഫീസുകളിൽ ടെലഫോൺ എക്സ്ചേഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്;

(എഫ്) ഈ എക്സ്ചേഞ്ചുകൾക്കുവേണ്ടി ഇതുവരെ എന്തു തുക വീതം ചെലവാക്കിയിട്ടുണ്ട്;

ഉത്തരം

(എ)-(എഫ്) ഇനം തിരിച്ചുള്ള കൃത്യമായ കണക്കുകൾ ലഭ്യമല്ല. വിവരം ശേഖരിച്ച് നൽകുന്നതാണ്.

## മുഖ്യമന്ത്രിയാകുന്നതിനുവേണ്ടി പ്രത്യേക വിമാനത്തിൽ യാത്ര ചെയ്തതിന്റെ ചെലവ്

22(760) ശ്രീ. എം. നാരായണൻ (കുഴൽമന്ദം): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് 1995-ൽ മുഖ്യമന്ത്രിയാകുന്നതിനുവേണ്ടി ഡൽഹിയിൽ നിന്നും പ്രത്യേക വിമാനത്തിൽ യാത്ര ചെയ്തതിന്റെ ചെലവ് ആരാണ് വഹിച്ചത്;

(ബി) ഇതു സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റേയോ മറ്റോ ഒബ്ജക്ഷൻ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)-(സി) ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയാകുന്നതിനുമുമ്പ് ഡൽഹിയിൽ നിന്നും കേരളത്തിലേക്ക് പ്രത്യേക വിമാനത്തിൽ യാത്ര ചെയ്ത വകയിൽ 14,69,480/-രൂപ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് നല്കാനുണ്ട്. ഈ തുക ആരും നല്കിയിട്ടില്ല. സംസ്ഥാന സർക്കാർ ഈതുക നല്കണമെന്ന് ഉത്തരവു പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഇതിനെതിരായി ആക്ഷേപങ്ങൾ ഉയർന്നു വന്നതിനെ തുടർന്ന് അത് മാറ്റി വയ്ക്കുകയാണുണ്ടായത്, പ്രതിരോധന മന്ത്രാലയവും അക്കൗണ്ടന്റ് ജനറലും തുക അടിയന്തിരമായി അടച്ചു തീർക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

## വ്യാജനോട്ടുകളുടെ പ്രചാരം തടയുന്നതിന് നടപടി

23(761)ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചരിക്കുന്ന കള്ളനോട്ടുകൾ കാരണം ജനങ്ങൾ നേരിടുന്ന ഭയവും ബുദ്ധിമുട്ടുകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly